# മലയാള മനോരമ

ESTABLISHED 1888

കൊച്ചി
30 പേജ്
₹ 7.00

ISSN-0972-0022 www.manoramaonline.com


# ആഫ്രിക്കൻ ഒച്ചുകളെക്കുറിച്ച് കൂടുതലറിയാൻ ശാസ്ത്രസംഘം

## • കുഫോസും സിഎംഎഫ്ആർഐയും ചേർന്നു പഠിക്കും

കൊച്ചി • നഗരത്തിലെ വിവിധ പ്രദേശങ്ങളിൽ കണ്ടുവരുന്ന ആഫ്രിക്കൻ ഒച്ചുകളെക്കുറിച്ച് കേരളാ ഫിഷറീസ് സമുദ്രപഠന സർവകലാശാലയും (കുഫോസ്) സെൻട്രൽ മറൈൻ ഫിഷറീസ് റിസർച് ഇൻസ്റ്റിറ്റ്യൂട്ടും (സിഎംഎഫ്ആർഐ) ചേർന്നു പഠനം നടത്തുമെന്ന് ഹൈബി ഈഡൻ എംഎൽഎ അറിയിച്ചു.

വലിയ വലുപ്പത്തിലുള്ള ഒച്ചുകൾ നഗരസഭയുടെ വിവിധ പ്രദേശങ്ങളിൽ വ്യാപകമായതു പ്രദേശവാസികളിൽ ഭീതി പരത്തിയിരുന്നു. അസോസിയേറ്റ് പ്രഫ. ദേവിക പിള്ള, ഡോ.അഭിലാഷ് ശശിധരൻ, ഡോ.മിഥുൻ സുകുമാർ എന്നിവരുടെ മൂന്നംഗ സംഘത്തെ ഇത് സംബന്ധിച്ച പഠനം നടത്താനായി കുഫോസ് നിയോഗിച്ചു. ഒച്ചുകളുടെ ജനിതക പഠനം നടത്തുന്നതിനു സിഎംഎഫ്ആർഐയെയും ചുമതലപ്പെടുത്തി.

കുഫോസ് വിസി ഡോ.എ.രാമചന്ദ്രൻ, സിഎംഎഫ്ആർഐ ഡയറക്ടർ ഡോ. എ. ഗോപാലകൃഷ്ണൻ എന്നിവരടങ്ങുന്ന സംഘം പ്രദേശങ്ങൾ സന്ദർശിച്ചു. ചപ്പുചവറുകൾ കൂടി കിടക്കുന്നതും ഈർപ്പമുള്ളതുമായ പ്രദേശങ്ങളിലാണ് ആഫ്രിക്കൻ ഒച്ചുകൾ മുട്ടയിട്ട് പെരുകുന്നത്. ആറു മാസം മുതൽ രണ്ടുവർഷം വരെയാണ് ആയുസ്. ഒച്ചുകൾ പെരുകുന്നതിനുള്ള സാഹചര്യം, പരിസ്ഥിതിക്ക് കോട്ടം വരുത്താതെ ഇവയെ നശിപ്പിക്കാനുള്ള മാർഗം, മത്സ്യങ്ങൾക്ക് ഇവയെ ഭക്ഷണം ആക്കി മാറ്റാൻ സാധിക്കുമോ എന്നീ വിഷയങ്ങളാണു സംഘം പഠിക്കുക. ഒച്ചുകൾ ആരോഗ്യ പ്രശ്നങ്ങൾക്ക് വഴി വയ്ക്കുമോയെന്നും പഠനം നടത്തും. പഠന റിപ്പോർട്ട് എത്രയും പെട്ടെന്ന് സംസ്ഥാന സർക്കാരിനും കൊച്ചി നഗരസഭയ്ക്കും കൈമാറുമെന്നും ഡോ. എ.രാമചന്ദ്രൻ അറിയിച്ചു. ഹൈബി ഈഡൻ എംഎൽഎ, കൗൺസിലർ ദീപക് ജോയി എന്നിവരും സംഘത്തോടൊപ്പമുണ്ടായിരുന്നു.



ഒച്ചുശല്യം രൂക്ഷമായ അയ്യപ്പൻകാവ് പ്രദേശം കുഫോസ് വിസി ഡോ.എ.രാമചന്ദ്രന്റെ നേതൃത്വത്തിൽ സന്ദർശിച്ചപ്പോൾ. ഹൈബി ഈഡൻ എംഎൽഎ, കൗൺസിലർ ദീപക് ജോയി തുടങ്ങിയവർ സമീപം.

June 26, 2016